3

# അവസാന - നിമിഷ തയ്യാറെടുപ്പ്

# (1:1 - 11)

അറിയപ്പെടുന്ന ഒരു ഹോളീവുഡ് ചിത്ര - നിർമ്മാതാവു പറഞ്ഞു ചലിക്കുന്ന ഒരു സിനിമ നിർമ്മിക്കുന്നതു ഒരു ഭൂമികുലുക്കത്തോടെ ആരംഭിച്ചു അതു മൂർദ്ധന്യാവസ്ഥയിലെത്തിക്കുന്നു എന്ന്. ആ മാനദണ്ഡം ഉപയോഗിച്ച് പ്രവൃത്തികളുടെ പുസ്തകത്തിൽ, രണ്ടാം അദ്ധ്യായം മഹാസംഭവത്തോടെ ആരംഭിച്ചു, ഒന്നാം അദ്ധ്യായം ശബ്ദമൊന്നും കൂടാതെ ശാന്തമായി ആരംഭിക്കുന്നു. എങ്കിൽ രണ്ടാം അദ്ധ്യായം പരിശുദ്ധാത്മാവു ശക്തിയോടെ വരുന്നതും അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ കൊടിയ കാറ്റടിക്കുന്നതുപോലെ എല്ലാമാണ് തുടങ്ങുന്നത്! ഒന്നാം അദ്ധ്യായം, യേശു തന്റെ അപ്പൊസ് തലന്മാരുമായി സംസാരിക്കുന്നതിൽ, ആരംഭിക്കുന്നതും ഒരു മീറ്റിങ്ങോടു കൂടി അവസാനിക്കുന്നതും കാണാം! ബിസിനസ് മീറ്റിങ്ങ് പലപ്പോഴും ആവേശം ഉണർത്താത്തതായിരിക്കും (കോട്ടുവായിടുകയാവും).

എന്തുകൊണ്ട് പ്രവൃത്തികളുടെ പുസ്തകം ഇങ്ങനെ തുടങ്ങിയത്? കാരണം: പ്രവൃത്തി 2 ലേതു പോലെ ഒരു മഹത്തായ ദിവസത്തിനു *ഒരുക്കം* ആവശ്യമാണ്. ദൈവം പ്രവൃത്തി 2 നു വേണ്ടി നിത്യമായ ഒരുക്കം നടത്തിക്കൊണ്ടിരിക്കയായിരുന്നു (എഫെസ്യർ 3:10, 11) - എന്നാൽ ഇപ്പോൾ അവസാന - നിമിഷ തയ്യാറെടുപ്പാണ്. പ്രത്യേകിച്ചു, അപ്പൊസ്തലന്മാരുടെ അവസാന - നിമിഷ തയ്യാറെടുപ്പാണ്.

ഈ അദ്ധ്യായത്തിൽ അനവധി പാഠങ്ങൾ നമുക്കു നല്കിയിട്ടുണ്ട്. വിശേഷിച്ചു, ദൈവ പ്രവൃത്തികൾക്കുവേണ്ട മതിയായ ഒരുക്കത്തിന്റെ പ്രാധാന്യം നാം പഠിക്കണം.

### ഒരു പുനരവലോകനം നല്കിയിരിക്കുന്നു (1:1-5)

താൻ മുൻപ് എഴുതിയതു വായനക്കാരനെ ഓർമ്മിപ്പി ച്ചുകൊണ്ടാണ് ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകം ആരംഭിക്കുന്നത്: “തെയോഫിലോസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം, അവൻ[1] ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു,[2] ആയിരുന്നുവല്ലോ, ...”

(വാക്യം 1, 2). ''ഒന്നാമത്തെ ചരിത്രം'' എന്നു പറഞ്ഞിരിക്കുന്നതു ലൂക്കൊസ് എഴുതിയതു സുവിശേഷമാണ്. അവൻ "ആദ്യം എഴുതിയ തിനെ," ഓർമ്മിപ്പിക്കുന്നതുകൊണ്ട് തന്റെ വായന ക്കാരനു സുവിശേഷം സുപരിചിതമായിരിക്കണം എന്ന് അവൻ ആഗ്രഹിച്ചിരുന്നു, പ്രത്യേകിച്ചു അവസാന അദ്ധ്യായങ്ങൾ.

ലൂക്കൊസിന്റെ സുവിശേഷത്തിലെ അവസാനഭാഗം യേശുവിന്റെ സ്വർഗ്ഗാരോഹണവും യെരുശലേമിലേക്കു അപ്പൊസ്തലന്മാർ മടങ്ങിവ രുന്നതുമാണ് (ലൂക്കൊസ് 24:50-53). ''[യേശു] പരിശുദ്ധാത്മാവിനാൽ അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തു" (വാക്യം 2) കല്പനകൊടുത്ത ശേഷം യേശു ആരോഹണം ചെയ്തു എന്നു പ്രവൃത്തി 1-ൽ നാം വായി ക്കുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ അപ്പൊസ്തലന്മാർക്കു ഈ ''കല്പന" കൊടുത്തതു അവർ ക്രിസ്തുവിന്റെ ''സാക്ഷികളായി" "മാന സാന്തരവും പാപമോചനവും ... യെരുശലേമിൽ, തുടങ്ങി സകലജാതി കളോടും പ്രസംഗിക്കേണ്ടതാണെന്നു വ്യക്തമാകുന്നു" (24:47). മറ്റൊ രർത്ഥത്തിൽ പറഞ്ഞാൽ, ''കല്പന'' മഹത്തായ ആജ്ഞയെ സൂചിപ്പി ക്കുന്നു (മത്തായി 28:18-20; മർക്കൊസ് 16:15, 16).

തന്റെ ഉയിർപ്പിനുശേഷം യേശു അപ്പൊസ്തലന്മാർക്കു പ്രത്യക്ഷനായി അവർ അവന്റെ സാക്ഷികളാകുന്നതിനു യോഗ്യരാക്കുന്നതിനായി പ്രവൃത്തി 1:3-ൽ ലൂക്കൊസ് പറയുന്നു: "അവൻ കഷ്ടം അനുഭവിച്ച ശേഷം, നാല്പതു നാളോളം അവർക്കു പ്രത്യക്ഷനായി, ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു, താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ, അവർക്കു കാണിച്ചുകൊടുത്തു." തന്റെ സുവിശേഷത്തിൽ, യേശു ബോധ്യപ്പെടുത്തിയ തെളിവുകൾ ലൂക്കൊസ് നിരത്തി: അവനെ ശിഷ്യന്മാർ തൊടുകയും, അവൻ അവരോടുകൂടെ ഭക്ഷണം കഴിക്കയും ചെയ്തതുകൊണ്ടു അവൻ ഭൂതമായിരുന്നില്ല എന്നു തെളിയിച്ചു (ലൂക്കൊസ് 24:36-43; പ്രവൃത്തി 10:40, 41).

യേശുവിന്റെ പ്രത്യക്ഷതകൾ രേഖപ്പെടുത്തിയതിലധികവും അവൻ ഉയിർത്തെഴുന്നേറ്റ ദിവസം പ്രത്യക്ഷമായവയാണ്. 3-ാം വാക്യത്തിൽ നാം വായിക്കുന്നത്[3] യേശു *അനവധി* പ്രത്യക്ഷപ്പെടൽ നീണ്ട ദിവസങ്ങൾക്കു ള്ളിൽ നടത്തി (പ്രവൃത്തി 13:31), കൃത്യമായി പറഞ്ഞാൽ നാല്പതു ദിവ സങ്ങളോളം. ബാർക്കളെയുടെ തർജ്ജിമ പറയുന്നതു "നാല്പതു നാളോളം പല സന്ദർഭങ്ങളിലായി [യേശു] പ്രത്യക്ഷനായി കാണപ്പെട്ടുഎന്നാണ്."[4]

തന്റെ സ്നേഹിതന്മാരുമായി കൂട്ടായ്മ ആസ്വദിക്കുന്നതിനു മാത്ര മായിരുന്നില്ല യേശു ഈ ഭൂമിയിൽ നാല്പതു നാളോളം ആയിരുന്നത്. മറിച്ചു, തന്റെ ശിഷ്യന്മാരെ *ഒരുക്കുന്നതിനു*വേണ്ടിയായിരുന്നു തന്റെ വേർപിരിയൽ യേശു നീട്ടിവെച്ചത്. ''യേശു അവരോടു ദൈവരാജ്യത്തെ കുറിച്ചു സംസാരിച്ചു" (വാക്യം 3). "ദൈവരാജ്യം" യേശുവിന്റെ വ്യക്തി ഗത ദൗത്യത്തിലെ മുഖ്യവിഷയമായിരുന്നു (മത്തായി 4:17). അവന്റെ വലിയ ഉപമകളെല്ലാം തുടങ്ങിയതു, ''സ്വർഗ്ഗരാജ്യം പോലെയാണ് ..." എന്നത്രേ (മത്തായി 13:31, 33, 44, 45, 47). ഇപ്പോൾ യേശു തന്റെ അനു യായികളുടെ മനസുകൾ രാജ്യത്തെകുറിച്ചുള്ള തന്റെ ഉപദേശത്തെ സംബന്ധിച്ചു പുതുക്കിക്കൊണ്ടിരിക്കുന്നു. തന്റെ രാജ്യം *ശക്തിയോടു*

*കൂടി*വരുമെന്നു മറ്റുകാര്യങ്ങളെ ഓർപ്പിച്ച കൂട്ടത്തിൽ ഓർപ്പിച്ചിരിക്കും: "... ദൈവരാജ്യം ശക്തിയോടുകൂടി വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ നിങ്ങളിൽ ചിലർ ഉണ്ടാകും എന്നതും വാഗ്ദാനത്തിൽ പെടുന്നു" (മർക്കൊസ് 9:1).

നിങ്ങളും ഞാനും കർത്താവിന്റെ മഹത്തായ സേവനത്തിനു, നമ്മളെത്തന്നെ ഒരുക്കുമ്പോൾ കർത്താവിന്റെ ഉപദേശവും അവൻ "നമുക്കു വേണ്ടി ചെയ്ത വൻകാര്യങ്ങളും ഓർമ്മിപ്പിക്കുന്നതു ഉപകാരപ്രദമത്രേ" (സങ്കീർത്തനങ്ങൾ 126:3).

**ഒരു വാഴ്ച വാഗ്ദാനം ചെയ്തിരുന്നു (1:4-8)**

രാജ്യത്തെ കുറിച്ചു യേശു ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവനു മുഖ്യമായ ഒരു തടസ്സം നേരിട്ടിരുന്നു. യേശു, "രാജ്യം," എന്ന വാക്ക് ഉപയോഗിച്ചപ്പോൾ യേശുവിന്റെ മനസ്സിൽ ഒരാശയം ഉണ്ടായിരുന്നു. ശിഷ്യന്മാർ "രാജ്യം," എന്ന വാക്ക് കേട്ടപ്പോൾ അവരുടെ മനസിൽ വേറൊരു ആശയമായിരുന്നു ഉണ്ടായിരുന്നത്; യേശുവിന്റെ മനസ്സിലുണ്ടായിരുന്നതു ദൈവം തന്റെ ജനങ്ങളുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും *ആത്മീയ* വാഴ്ച നടത്തുന്ന ആത്മീയ സ്ഥാപനമായിരുന്നു. ശിഷ്യന്മാരുടെ മനസ്സിൽ, യേശു മശിഹയായി യെരുശലേമിൽ തന്റെ സിംഹാസനം ഉറപ്പിച്ചു.[5] ഭൗതികമായി യിസ്രായേലിന്റെ എല്ലാ ശത്രുക്കളേയും കീഴ്പ്പെടുത്തി ഭരിക്കുന്ന ഒരു *ഭൗതിക* രാജ്യമായിരുന്നു – തന്റെ രാജ്യം "ഈ ലോകപ്രകാരമുള്ള*തല്ല*" എന്നു യേശു ഉറപ്പിച്ചു പറഞ്ഞിരുന്നു (യോഹന്നാൻ 18:36; എംഫസിസ് മൈൻ), എന്നാൽ അവന്റെ അപ്പൊസ്തലന്മാർക്കു അതു മനസ്സിലാക്കാൻ വിഷമം നേരിട്ടിരുന്നു.

അപ്പൊസ്തലന്മാരുടെ ഗ്രാഹ്യശേഷിയില്ലായ്മയാണ് 1:4–8 ന്റെ പശ്ചാത്തലം അപ്പൊസ്തലന്മാർ ഒരു രാഷ്ട്രീയ സ്ഥാപനത്തിനായി നോക്കിയിരുന്നു. ഈ വാക്യങ്ങളിൽ നിന്ന്, യേശു അവർക്കു അത്ഭുതകരമായ *വാഗ്ദാനം* നല്കിയിരുന്നു. അതായിരുന്നു അവരുടെ ഒരുക്കത്തിന്റെ ആവശ്യം. അവർ രാഷ്ട്രീയ സ്ഥാപനം, ഉള്ളിൽ കണ്ടതുകൊണ്ട് സ്ഥാനമാനങ്ങളും നോക്കിയിരുന്നു. എന്നാൽ അവർക്കായി ദൈവം നല്ലൊരു പദ്ധതി ഒരുക്കിയിരിക്കുന്നു എന്നു യേശു പറഞ്ഞു, അവർ ഊഹിച്ചതിനേക്കാളും ശ്രേഷ്ഠമായിരുന്നു അത്. അവർ *സ്ഥാനത്തിനായി* നോക്കിയിരുന്നപ്പോൾ; യേശു പറഞ്ഞു അവർക്കു *ശക്തി* ലഭിക്കുമെന്ന്.

> അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ,[6] അവരോടു നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ, എന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം, "അത്," അവൻ പറഞ്ഞു, "യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു[7] നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ; പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു" (വാക്യം 4, 5).

യേശുവിൽ കൂടെയും, മറ്റുള്ളവരിൽ കൂടെയും പിതാവു, രാജ്യം "ആസന്നമായിരിക്കുന്നു" എന്നു വാഗ്ദാനം ചെയ്തിരുന്നു (മത്തായി 4:17);

ഇപ്പോൾ വാഗ്ദാനം ചെയ്ത രാജ്യം നിറവേറേണ്ടിയിരിക്കുന്നു.[8] മാത്രമല്ല, പിതാവ് യോഹന്നാനിൽ കൂടെ വാഗ്ദാനം ചെയ്തതു മശിഹ തന്റെ അനുയായികളെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടുത്തും എന്നായിരുന്നു: "ഞാൻ നിങ്ങളെ, വെള്ളം കൊണ്ടു സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു, അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവ് കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും" (ലൂക്കോസ് 3:16).[9] യേശു അയക്കുന്ന ആത്മാവു അവരെ നയിക്കുമെന്നു അവൻ ഊന്നി പറഞ്ഞതും അവർ കേട്ടിരുന്നു (യോഹന്നാൻ 14:26; 15:26, 27; 16:12, 13; ലൂക്കൊസ് 12:12). അവൻ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിന്റെ ആവിർഭാവം "ഏറെ നാളുകൾക്കു മുന്നേ" നിറവേറും എന്നും അവൻ പറഞ്ഞിരുന്നു.

രാജ്യ സ്ഥാപനം – പരിശുദ്ധാത്മാവിന്റെ വരവ് – ഈ രണ്ടു വാഗ്ദാനങ്ങളും വഴങ്ങാത്ത വിധം കൂടിപ്പിണഞ്ഞിരുന്നു. രാജ്യസ്ഥാപനം എന്ന വാഗ്ദാനം നിറവേറ്റുവാൻ പരിശുദ്ധാത്മാവിന്റെ വരവ് നിറവേറണമായിരുന്നു.

അപ്പൊസ്തലന്മാരുടെ മനസ്സ് വേറെ എവിടെയോ ആണെന്നു അവർ കാണിച്ചു. അവരുടെ രാഷ്ട്രീയ പ്രത്യാശ നവീകരിച്ചു രാജ്യത്തിന്റെ ഉപദേശം നല്കുകയായിരുന്നു യേശു: "അവർ അവനോടു, 'കർത്താവേ, നീ യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനമാക്കി കൊടുക്കുന്നതു?'" എന്നു ചോദിച്ചു (വാക്യം 6). അപ്പൊസ്തലന്മാരുടെ വിചാരം മനസ്സിലാക്കുവാൻ "യിസ്രായേൽ" "യഥാസ്ഥാനം" എന്നീ വാക്കുകൾ മതി: ദാവീദിന്റെയും ശലോമോന്റെയും, കാലത്തു യിസ്രായേൽ രാജ്യം ലോകത്തിൽ പ്രസിദ്ധമായിരുന്നതു പോലെ യേശുവിന്റെ കാലത്തിലും യഥാസ്ഥാനപ്പെടുവാനായി അപ്പൊസ്തലന്മാർ കാത്തിരിക്കയായിരുന്നു.[11] എഫ്.എഫ്.ബ്രൂസ് എഴുതി: "അവരു ടെ ചോദ്യം വെളിപ്പെടുത്തുന്നതു അവരുടെ ഉള്ളിലെ ജ്വലിക്കുന്ന അവസാന പ്രതീക്ഷയാണ്. ദൈവികമായ ഭരണത്തിൽ അവർക്കു മുഖ്യ ഉദ്യോഗസ്ഥരാകാമെന്ന ചിന്തയും അവരിലുണ്ടായിരുന്നു."[12]

"അവർ അവനോടു ചോദിച്ചു കൊണ്ടിരുന്നു" എന്നതു സൂചിപ്പിക്കുന്നതു അവർ വീണ്ടും വീണ്ടും അവനോടു ചോദിച്ചിരുന്നു എന്നാണ്. മറുപടി പറയാൻ അവർ അവനെ നിർബന്ധിച്ചുകൊണ്ടിരുന്നു: "എപ്പോഴാണ്, കർത്താവേ? എപ്പോൾ?"

യേശു മറുപടി പറഞ്ഞപ്പോൾ തല കുലുക്കി എന്നു ഞാൻ ഊഹിക്കുന്നു. അവൻ അവരോടു: "പിതാവു തന്റെ സ്വന്ത അധികാരത്തിൽ; വെച്ചിട്ടുള്ള കാലങ്ങളെയോ[13] സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കു ള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും" (വാക്യം 7, 8). രാജ്യത്തിന്റെ സ്വഭാവത്തെ അവർ തെറ്റിദ്ധരിച്ചതിനു യേശു അവരെ ശാസിച്ചില്ല. ആത്മീയ രാജ്യത്തിന്റെ സ്വഭാവം; അവർക്കു മനസ്സിലാക്കാനിരിക്കുന്നു.[14] പക്ഷെ, യേശു പിതാവിന്റെ സമയത്തെ ചോദ്യം ചെയ്യാവുന്നതല്ല എന്നു വ്യക്തമാക്കി. *എങ്ങനെ* എന്നുള്ളതിനേക്കാൾ പ്രാധാന്യമുള്ളതല്ല *എപ്പോൾ* എന്നതിനാണ് യേശു ഊന്നൽ കൊടുത്തു പറഞ്ഞത്. ഫലത്തിൽ, അവൻ

പറഞ്ഞു, "ദൈവത്തിന്റെ കലണ്ടർ, ഞാൻ നിങ്ങൾക്കു തരുന്നില്ല. ദൈവ രാജ്യം വരുന്നതെങ്ങനെ എന്നു നിങ്ങൾ അറിയും എന്നാണവൻ സൂചിപ്പിച്ചത്: *പരിശുദ്ധാത്മാവു* നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു *ശക്തി* ലഭിക്കും."

ദൈവരാജ്യം ശക്തിയോടുകൂടെ വരുമെന്നു യേശു പറഞ്ഞിരുന്നതു ഓർക്കുക (മർക്കോസ് 9:1). ഇപ്പോൾ യേശു പറഞ്ഞു, പരിശുദ്ധാത്മാവു വരുമ്പോൾ, ആ ശക്തി വരും, എന്ന്. അങ്ങനെ പരിശുദ്ധാത്മാവു വന്നപ്പോൾ ശക്തി വന്നു. ആ സമയത്തു പറഞ്ഞ രാജ്യ ത്തെ സ്ഥാപനം നിറവേറ്റും.

ഒരുപക്ഷേ ഈ ചിന്തകൾ എല്ലാം കൊണ്ടു അപ്പൊസ്തലന്മാരുടെ തലകൾ നെയ്തെടുക്കുകയാവാം: "യേശു നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുംമുമ്പേ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും എന്നു കല്പിച്ചു" (വാക്യം 5); "പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും" (വാക്യം 8). യേശുവിന്റെ വാക്കുകൾ അവരെ അതിശയപ്പെടുത്തിയിരിക്കാം.

അതിശയിപ്പിച്ചു യേശു അവസാനിപ്പിക്കയല്ല ചെയ്തതു ക്രിസ്തുവിന്റെ രാജ്യത്തിന്റെ *സാർവ്വലൗകിക* സ്വഭാവം മനസിലാക്കാൻ അപ്പൊസ്തലന്മാർക്കു പ്രയാസം നേരിട്ടു; [15]അവരുടെ പെരുമയുടെ സ്വപ്നം ചെറിയ പ്രദേശമായ പാലസ്തീനിൽ ഒതുങ്ങിയിരുന്നു, "യെരുശലേമിലും, യെഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" (വാക്യം 8)! അപ്പൊസ്തലന്മാരിൽ ആരും തന്നെ വടക്കോട്ടു സുറിയക്കപ്പുറമോ, കിഴക്കു ഗലീലാതീരത്തിനപ്പുറമോ, തെക്കു മിസ്രയീമിനപ്പുറമോ പടിഞ്ഞാറു മദ്ധ്യധരണ്യാഴിക്കപ്പുറമോ പോയിട്ടില്ല. ഇപ്പോൾ യേശു അവരോടു പറയുന്നു, നിങ്ങൾ ലോകം മുഴുവൻ, യാത്ര ചെയ്യും. അവന്റെ ഉയിർപ്പെന്ന സുവിശേഷം എടുത്തു അവർ എല്ലായിടത്തുമെത്തും![16]

എല്ലാ തലമുറക്കും വെല്ലുവിളി തന്നെയായിരിക്കയാണ്: യേശു രൂപപ്പെടുത്തിയ നയ വൈദഗ്ദ്ധ്യം വീട്ടിൽ നിന്നു (യെരുശലേം), തുടങ്ങുന്നു,അടുത്തുള്ള (യെഹൂദ്യയിലേക്കും ശമര്യയിലേക്കും), വ്യാപിക്കുന്നു. അവസാനം ലോകത്തിൽ എല്ലാ ഭാഗത്തും സുവിശേഷം ("ഭൂമിയുടെ അറ്റത്തോളം") എത്തണം![17]

അപ്പൊസ്തലന്മാർ ലോകത്തിൽ എല്ലായിടത്തും യാത്ര ചെയ്യുമ്പോൾ, അവർ അവന്റെ "സാക്ഷികൾ" ആകും എന്നു യേശു പറഞ്ഞിരുന്നു (വാക്യം 8; ലൂക്കൊസ് 24:48). പ്രവൃത്തികളുടെ പുസ്തകത്തിന്റെ താക്കോൽ വാക്യമാണ് "സാക്ഷികൾ" എന്ന വാക്ക്. ഗ്രീക്കുവാക്കു "സാക്ഷികൾ" എന്നതു തർജ്ജിമ ചെയ്തിരിക്കുന്നത് ഇരുപത്തി - ഒൻപതു പ്രാവശ്യം വ്യത്യസ്ത രൂപത്തിൽ, പുസ്തകത്തിൽ കാണാം. ഒന്നുകിൽ നാമമായിട്ട് അല്ലെങ്കിൽ ക്രിയയായിട്ട്. "സാക്ഷികൾ," "സാക്ഷീകരിക്കൽ" ("സാക്ഷ്യം"), "എന്നിങ്ങനെ ഉപയോഗിച്ചിരിക്കുന്നു." ഗ്രീക്കിലെ മൂലവാക്ക് *മാർട്ടസ് (മാർട്ടർ)*, എന്നാണ് അതിൽ നിന്നാണ് ഇംഗ്ലീഷ് വാക്കായ "മാർട്ടിർ" വന്നത് - ക്രിസ്തുവിന്റെ മരണത്തിൽ ഒരാൾ സാക്ഷിയായിതീരുക.

"സാക്ഷികൾ" എന്ന വാക്കിന്റെ പ്രാഥമികാർത്ഥം "ദൃക്സാക്ഷികൾ" എന്നു പ്രയോഗിച്ചിരിക്കുന്നു: കണ്ടതും,കേട്ടതുമായ കാര്യങ്ങളെ ഒരാൾ സാക്ഷീകരിക്കുന്നതാണിത് (പ്രവൃത്തി 4:20). അപ്പൊസ്തലന്മാർ സാക്ഷികൾ ആകും എന്നു പറഞ്ഞിരിക്കുന്നതു പ്രത്യേക അർത്ഥത്തിലാണ്: *യേശുവിന്റെ ഉയിർപ്പിനുശേഷം* അവർ അവനെ *കണ്ടതുകൊണ്ട്* അവർക്കു യേശുക്രിസ്തുവിന്റെ ഉയിർപ്പിനെ കുറിച്ചു സാക്ഷ്യപ്പെടുത്താൻ കഴിഞ്ഞു (1:22). ലൂക്കൊസ്, പ്രവൃത്തികളുടെ പുസ്തകത്തിൽ ഉപയോഗിച്ച "സാക്ഷികൾ" എന്നതിനു ഈ അർത്ഥമാണുള്ളത്. നിങ്ങളും ഞാനും യേശുവിന്റെ, ഉയിർപ്പ് കണ്ടിട്ടില്ലാത്തതിനാൽ അപ്പൊസ്തലന്മാരെ പോലെ സാക്ഷികൾ ആകാൻ നമുക്കു സാദ്ധ്യമല്ല.[18]

ക്രിസ്തുവിന്റെ ഉയിർപ്പ്, സാക്ഷീകരിച്ച അപ്പൊസ്തലന്മാരെ കൂടാതെ മറ്റുള്ളവർക്കും സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ "സാക്ഷ്യമെന്നതിന്റെ" നാമവും ക്രിയയും ലൂക്കൊസ് ഉപയോഗിച്ചിട്ടുണ്ട്.[19] ഉദാഹരണമായി, ആദ്യത്തെ ക്രിസ്തീയ രക്തസാക്ഷിയായി, തീർന്ന സ്തെഫാനൊസ്, ക്രിസ്തുവിന്റെ "സാക്ഷിയായി" അറിയപ്പെട്ടു (22:20). സ്തെഫനൊസിനെ പോലെ സാക്ഷികളാകാം: ദൈവം ചെയ്തതു നമുക്കു പറയാം.[20] (പ്രത്യേകിച്ചു അവൻ *നമ്മുടെ* ജീവിതത്തിൽ ചെയ്തതു) നമ്മുടെ വിശ്വാസത്തിനുവേണ്ടി! മരിക്കേണ്ടി വന്നാലും, ഒരുങ്ങി ഇരിക്കണം, വീട്ടിലായാലും ദൂരെയായാലും – ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം ധൈര്യമായി പ്രഖ്യാപിക്കുക എന്നതാണ് ഇന്നത്തെ ആവശ്യങ്ങളിൽ ഒന്ന്!

ആ പ്രവൃത്തി നിറവേറ്റുവാൻ ഒരുക്കത്തിന്റെ ഭാഗമായി വെല്ലുവിളി അംഗീകരിക്കുകയും – അവൻ ആവശ്യപ്പെടുന്ന കാര്യം ചെയ്യുവാൻ ദൈവം ശക്തീകരിക്കുമെന്നും തിരിച്ചറിയണം. അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന അത്ഭുത ശക്തി നമുക്കുണ്ടായിരിക്കയില്ല,എന്നാലും നമ്മിലും "ശക്തി വ്യാപരിക്കും" (എഫെസ്യർ 3:20)!

### മടങ്ങിവരൽ പ്രഖ്യാപിച്ചു (1:9-11)

നാല്പതു ദിവസങ്ങൾക്കുശേഷം, യേശു എന്തു ചെയ്യണമായിരുന്നോ അതു ചെയ്തു, ഇപ്പോൾ അവനു സ്വർഗ്ഗത്തിലേക്കു മടങ്ങിപോകാൻ സമയമായി ലൂക്കൊസ് 24:50, 51 പറയുന്നു, "അനന്തരം അവൻ അവരെ ബേഥാന്യയോളം കൂട്ടിക്കൊണ്ടു പോയി, കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ, അവൻ അവരെ വിട്ടു പിരിഞ്ഞു സ്വർഗ്ഗാരോഹണം ചെയ്തു." പ്രവൃത്തി 1–ൽ അവന്റെ സ്വർഗ്ഗാരോഹണം ഇങ്ങനെ വിവരിക്കുന്നു: "ഇതു പറഞ്ഞശേഷം, അവർ കാൺകെ അവൻ ആരോഹണം ചെയ്തു, ഒരു മേഘം അവനെ മൂടീട്ടു അവൻ അവരുടെ കാഴ്ച്ചയ്ക്കു മറഞ്ഞു" (വാക്യം 9).[21]

തന്റെ ഭൂമിയിലേക്കുള്ള യാത്രയുടെ ഉച്ചസ്ഥാനത്തെത്തിയതായിരുന്നു യേശുവിന്റെ സ്വർഗ്ഗാരോഹണം. തന്റെ പ്രവൃത്തികൾ അവൻ പൂർത്തിയാക്കി; തേജസ്ക്കരിക്കപ്പെടുവാൻഅവന്റെ ഭവനത്തിലേക്കു പോകയായിരുന്നു![22] ശിഷ്യന്മാർ, എങ്ങനെയായാലും, അമ്പരന്നു പോയിരുന്നു. "അവൻ വിട്ടു പിരിയുമ്പോൾ അവർ ആകാശത്തേക്കു ഏറെ

നേരം ഉറ്റു നോക്കിയിരുന്നു" എന്നാണ് 10-ാം വാക്യം പറയുന്നത്. അവന്റെ ഉയിർത്തെഴുന്നേല്പിനുശേഷം ഇതാദ്യമായിട്ടായിരുന്നില്ല യേശു പെട്ടെന്നു അപ്രത്യക്ഷമായതു. അവർ അവൻ പെട്ടെന്നു മറയുന്നതു കണ്ടിട്ടുമുണ്ട് (ലൂക്കൊസ് 24:31). മുൻപു നാല്പതു നാളോളം അവൻ പ്രത്യക്ഷനാവുകയും പെട്ടെന്നു അപ്രത്യക്ഷമാവുകയും ചെയ്തതുപോലെ അവൻ വീണ്ടും പ്രത്യക്ഷമായേക്കാം എന്നവർ വിചാരിച്ചിരിക്കാം. അതുകൊണ്ട് അവൻ വാസ്തവമായും പോയതാണോ അല്ലയോ എന്ന ചിന്താകുഴപ്പത്തിലായിരുന്നു അവർ (യോഹന്നാൻ 20:16, 19).

അപ്പൊസ്തലന്മാർ അധികസമയം അങ്ങനെ അമ്പരന്നു നില്ക്കേണ്ടി വന്നില്ല, "അവർ ആകാശത്തേക്കു ഉറ്റു നോക്കുമ്പോൾ, വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു" (വാക്യം 10). ഇവർ ദൈവത്തിൽ നിന്നും അയച്ച ദൂതന്മാരായിരുന്നു.[23] "ഗലീലാ പുരുഷന്മാരേ, 'നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നതെന്തു?[24] നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ, സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ, തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു' " (വാക്യം 11).

അപ്പൊസ്തലന്മാരെ മാനസികമായും വൈകാരികമായും ഒരുക്കേണ്ടതിനുള്ള വാക്കുകളായിരുന്നു ദൂതന്മാർ പറഞ്ഞതു. സന്ദേശത്തിന്റെ ആദ്യ ഭാഗത്തു ഒരു *വെല്ലുവിളി* അടങ്ങിയിരിക്കുന്നു. "യേശു ... നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്തു." യേശു പോയിരുന്നു. നാല്പതുനാൾ അവൻ ചെയ്തതുപോലെ വീണ്ടും പുനഃപ്രത്യക്ഷത നടത്തുകയില്ല. അവൻ സ്വർഗ്ഗത്തിലേക്കുപോയി, അതുകൊണ്ടു ഇപ്പോൾ അവന്റെ പ്രവൃത്തി അവർ ചെയ്യണം! സന്ദേശത്തിന്റെ രണ്ടാം ഭാഗം *ആശ്വാസമാണ്:* "ഈ യേശുവിനെ ... സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു." യേശു സ്വർഗാരോഹണം ചെയ്തിരിക്കാം, ഒരു ദിവസം മടങ്ങി വരും! എന്നാൽ ഒരു ദിവസം അവൻ വീണ്ടും ഭൂമിക്കു എന്തു സംഭവിച്ചാലും, കർത്താവു അവസാനം മടങ്ങി വന്നു എല്ലാ കാര്യങ്ങളും ശരിയാകും![25] ലൂക്കോസ്, തന്റെ സുവിശേഷത്തിൽ പറഞ്ഞതിൽ അതിശയിക്കാനില്ല, അവർ അവനെ നമസ്കരിച്ചു. "*മഹാസന്തോഷത്തോടെ* യെരുശലേമിലേക്കു മടങ്ങിച്ചെന്നു" (ലൂക്കോസ് 24:52; എംഫസിസ് മൈൻ). വിജയം ഉറപ്പിച്ചിരുന്നു!

കർത്താവിന്റെ രണ്ടാം വരവു വാഗ്ദാനം ചെയ്തതു ആദ്യ ക്രിസ്ത്യാനികൾക്കു ആശ്വാസമായിരുന്നു. അവർ തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു, "മരണാത്താ"[26] - ഗ്രീക്ക് വാക്ക് (1 കൊരിന്ത്യർ 16:22) - "കർത്താവായ യേശുവേ, വരേണമേ" (വെളിപ്പാട് 22:20)! ദൂതന്മാർ അപ്പൊസ്തലന്മാരെ ഉറപ്പിച്ചതുകൊണ്ടു, അവന്റെ രണ്ടാംവരവ് നമുക്കും ഉറപ്പിക്കാം, അവന്റെ വരവ് സ്വർഗ്ഗത്തിലേക്കു അവൻ "പോയതുപോലെ" - അപ്രതീക്ഷിതമായി, കാണത്തക്കവണ്ണം, മേഘത്തിൽ, ശക്തിയോടെ ആയിരിക്കും.[27] ഒന്നാം - നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ കർത്താവിന്റെ രണ്ടാം വരവു വിശ്വസിച്ചതുപോലെ, നാമും വിശ്വസിക്കുകയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ എന്തു വ്യത്യാസമായിരിക്കും ഉണ്ടാകുക! (2 പത്രൊസ് 3:10, 11.)

**ഉപസംഹാരം**

രക്ഷാ സൈന്യത്തിന്റെ സ്ഥാപകനായിരുന്ന വില്ല്യം ബൂത്ത്, തന്റെ 80 കളിൽ മിക്കവാറും അന്ധമായ അവസ്ഥയിലായിരുന്നു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പുസ്തകമായിരുന്നു പ്രവൃത്തികളുടെ, പുസ്തകം. ആ പുസ്തകം അയാൾ ആവർത്തിച്ചു വായിപ്പിച്ചു കേൾക്കുമായിരുന്നു. അവസാനം അദ്ദേഹം കിടക്കയിലായപ്പോൾ തന്റെ ബൈബിൾ കൊണ്ടു വരാൻ ആവശ്യപ്പെട്ടു. സുപരിചിതമായ – പ്രവൃത്തികളുടെ പുസ്തകത്തിൽ അദ്ദേഹം വിരലോടിച്ചു, "കർത്താവേ അതു വീണ്ടും ചെയ്യേണമേ, വീണ്ടും ചെയ്യേണമേ എന്നു ചെറുതായി പറഞ്ഞുകൊണ്ടിരുന്നു."[28]

അപ്പൊസ്തലന്മാരോടൊപ്പം മറ്റൊരു പെന്തെകൊസ്തുനാൾ കർത്താവു തരികയില്ല. പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനവും ഇനിയില്ല. യേശുവുമായി മറ്റൊരു പെസഹയോ, കഷ്ടത എന്ന സ്നാനമോ ഇനിയില്ല. അവ ഒരിക്കൽ മാത്രം സംഭവിച്ചു. നാം ജീവിക്കുന്ന പ്രദേശത്തു, സുവിശേഷം എടുത്ത കർത്താവിന്റെ കാര്യപരിപാടി നമ്മിൽ ആവർത്തിക്കാൻ ദൈവത്തിനു ഇനിയും കഴിയും. ഇവിടെ നിന്നും പിന്നെ അടുത്ത പ്രദേശത്തും, അവസാനം ലോകം മുഴുവനും. ഈ അർത്ഥത്തിൽ നമുക്കു പ്രാർത്ഥിക്കാം, "കർത്താവേ അതു ചേയ്യേണമേ – അതു വീണ്ടും, ഞങ്ങളിൽ കൂടെ പ്രവർത്തിക്കേണമേ കർത്താവേ!"

**ദൃശ്യ - സഹായക്കുറിപ്പുകൾ**

6 മുതൽ 8 വരെയുള്ള വാക്യ പാഠത്തെ ചുരുക്കി – ക്കൊണ്ട്: ഈ പാഠത്തിന്റെ ശ്രദ്ധക്ഷണിക്കാൻ, താഴെ പറയുന്നതു ഉപയോഗിക്കാം ഒരു ചെറിയ ഹൃദയം ഉണ്ടാക്കുകയും, അതിനു "ഞാൻ" എന്നു പേരിടുകയും ചെയ്യുക. വലിയൊരു ഹൃദയം ഉണ്ടാക്കുക. ഒരു വശത്ത് "യെരുശലേം" എന്നെഴുതുക; പിന്നെ മറുവശത്ത് "എന്റെ സ്വന്ത പട്ടണം" എന്നെഴുതുക. വീണ്ടു അല്പംകൂടെ വലിയ ഒരു ഹൃദയം ഉണ്ടാക്കുക. ഒരുവശത്തു "യെഹുദ്യയും ശമര്യയും" എന്നും മറുവശത്ത് "എന്റെ രാജ്യം" എന്നും എഴുതുക. അവസാനമായി, ഏറ്റവും വലിയൊരു ഹൃദയം ഉണ്ടാക്കുക. ഒരുവശത്ത് "ഭൂമിയുടെ അറ്റത്തോളവും" എന്നും; മറുവശത്ത്, "ലോകം" എന്നും എഴുതുക. ഈ ഹൃദയങ്ങൾ ഒരു കവറിൽ ഇടുകയും കവറിൽ ഇങ്ങനെ എഴുതുകയും ചെയ്യുക: "എന്റെ ഹൃദയം എത്ര വലുതാണ്?" പ്രവൃത്തി 1:8 നെ കുറിച്ചു സംസാരിക്കുമ്പോൾ, ചോദിക്കുക, "യെരുശലേമിൽ ഏത്തുവോളം എന്റെ ഹൃദയം വലുതാണോ?" "യെരുശലേം" എന്നെ ഴുതിയതു അതിൽ നിന്നും എടുത്ത് മറിച്ചു പ്രായോഗികമാക്കുക. അതിനേക്കാൾ കുറച്ചുകൂടെ വലിയ ഹൃദയം എടുത്ത് ഇതാവർത്തിക്കുക, പിന്നെ ഏറ്റവും വലിയ ഹൃദയം എടുത്തുകൊണ്ട്. അവസാനം ചോദിക്കുക, "എന്നെക്കുറിച്ചും എന്റേതിനെക്കുറിച്ചും ചിന്തിക്കുന്നത്ര വലുതാണോ എന്റെ ഹൃദയം?" ഏറ്റവും ചെറിയ ഹൃദയം കവറിൽ നിന്നെടുക്കുക.

ഈ ദൃശ്യസഹായത്തിലൂടെ നിങ്ങൾക്കു ഒരു ചിന്താധാര

ഉപയോഗിക്കാം: "ചിലർ ചോദിക്കും, 'നമ്മുടെ സ്വന്ത നാട്ടിൽ ധാരാളം ആത്മാക്കൾ നഷ്ടപ്പെടുമ്പോൾ എന്തിനാണ് വിദേശരാജ്യങ്ങളിലേക്കു മിഷണറിമാരെ പണം മുടക്കി അയക്കുന്നത്?' എന്താണ് കാരണം? നാം ചോദിച്ചേക്കാം, 'നമ്മുടെ സംസ്ഥാനത്തുതന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പ്രാസംഗികരെ പണം മുടക്കി അയക്കുന്നതെന്തിനാണ്?' അല്ലെങ്കിൽ 'നമ്മുടെ സ്വന്ത പട്ടണത്തിൽ ധാരാളം ആത്മാക്കൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ നാം പണം മുടക്കി സംസ്ഥാനമെങ്ങും സുവിശേഷം എത്തിക്കുന്നതെന്തിന്?' (അല്പംനിർത്തുക) അല്ലെങ്കിൽ 'എനിക്കു പണം ആവശ്യമുള്ളതു കൊണ്ട് സുവിശേഷത്തിനായി *ഞാൻ* എന്തിന് പണം മുടക്കണം?' (അല്പം നിർത്തുക) ഉത്തരം ലളിതമാണ്: 'കാരണം,ഞങ്ങൾ *ക്രിസ്ത്യാ നികളാണ്.*' "

"സാക്ഷി" എന്ന വാക്കിന്റെ അർത്ഥം പറയുമ്പോൾ അടുത്ത ദൃശ്യസഹായം ഉപയോഗിക്കാം: നല്ല വലുപ്പമുള്ള ഒരു കാർഡ് ബോർഡ് എടുത്തു നേർ പകുതിയായി മടക്കി ഒരു വശത്ത്, "എത്ര നല്ല, 'സാക്ഷിയാണ്' നിങ്ങൾ?" എന്നെഴുതുക. പുറകിൽ, പല വസ്തുക്കളുടേതായ (12ഓ 15ഓ) ചിത്രങ്ങൾ ഒട്ടിക്കുക, കാർഡ് ബോർഡിനകത്ത് ഈ വാക്കുകൾ എഴുതുക: "1. ദൈവം നിങ്ങൾക്കു ചെയ്തതെല്ലാം നിങ്ങൾ *കാണുന്നുണ്ടോ?* 2. നിങ്ങൾ അതു മറ്റുള്ളവരോടു *പറയുന്നുണ്ടോ?*" സഹായം ഉപയോഗിക്കുവാൻ: ചോദ്യമുള്ള വശം കാണിക്കുക. സദസ്സ്യരോട് പറയുക നിങ്ങളെ ചിലതുകാണിക്കാൻ പോകുന്നതിൽ എത്രത്തോളം ഓർമ്മിക്കാൻ കഴിയും എന്നു നോക്കുക എന്ന്. എന്നിട്ട് കാർഡ് ബോർഡ് നിവർത്തി അഞ്ചോ ആറോ സെക്കന്റ് കാണിക്കുക. പിന്നെ കാർഡ്ബോർഡ് മടക്കിവെച്ച് അവരോട് (ഉറക്കെ) കണ്ടതു പറയുവാൻ ആവശ്യപ്പെടുക. പിന്നെ ആശയത്തെ വീണ്ടും ഉറപ്പിക്കുക: ഒരു "സാക്ഷ്യം" എന്നതു *കണ്ടതും കേട്ടതും* ആണ്. അപ്പൊസ്തലന്മാർ സാക്ഷീകരിച്ചതുപോലെ നമുക്കു കഴിയുകയില്ല എന്നതു ഊന്നിപ്പറയുക, എന്നാൽ *നാം* "കണ്ടതും കേട്ടതും" നമുക്കു പറയാൻ കഴിയും കാർഡ്ബോർഡ് തുറന്നു പ്രയോഗിക്കുക.

## പ്രസംഗ കുറിപ്പുകൾ

"വ്യത്യാസം സാക്ഷ്യപ്പെടുത്തൽ" എന്ന തലക്കെട്ടിൽ പ്രവൃത്തി 1 നെ സംബന്ധിച്ച് റിക്ക് ആച്ച്‌ലെ ഒരു പ്രസംഗം തയ്യാറാക്കി: ഇരുപതാം – നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ സുവിശേഷീകരണ മനോഭാവവും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ മനോഭാവവും തമ്മിലുള്ള വ്യത്യാസം അതിൽ വരച്ചുകാണിക്കുന്നു. വ്യാത്യാസം അവരുടെ *വിശ്വാസം* ആയിരുന്നു. പ്രസംഗത്തിൽ മൂന്നു പോയിന്റുകളുണ്ട്: (1) യേശു *ഉയിർത്തെഴുന്നേറ്റു* എന്ന് അവർ വിശ്വസിച്ചു; ഇതു അവർക്കു ഒരു *സന്ദേശം* നല്കി. (2) യേശു *വാഴുന്നു* എന്നവർ വിശ്വസിച്ചു; ഇതു അവർക്കൊരു *ദൗത്യം* നല്കി. (3) യേശു *മടങ്ങി വരുന്നു* എന്നവർ വിശ്വസിച്ചു; ഇതു അവർക്ക് ഒരു *ലക്ഷ്യം* നല്കി.

## കുറിപ്പുകൾ

[1]"യേശു" എന്ന വാക്ക് ഗ്ലോസെറിയിൽ നോക്കുക. [2]യേശു ആദ്യം *ചെയ്യുകയും പിന്നെ* ഉപദേശിക്കുകയും ആണ് ചെയ്തതു. നമ്മുടെ പ്രസംഗം ഫലപ്രദമാകണമെങ്കിൽ, നാം അങ്ങനെ *ജീവിച്ച്* കാണിക്കണം (1 തിമൊഥെയൊസ് 4:16). [3]ഉയിർത്തെഴുന്നേല്പിന്റെ ഏക പ്രത്യക്ഷത പൂർണ്ണമായി കാണുന്നത് 1 കൊരിന്ത്യർ 15:5-8 വരെയുള്ള ഭാഗത്താണ്, എന്നാൽ സുവിശേഷത്തിൽ കാണുന്ന പ്രത്യക്ഷത 1 കൊരിന്ത്യർ 15-ൽ ഇല്ല. മറ്റു, പല പ്രത്യേകതകളും രേഖപ്പെടുത്തിയിട്ടില്ല. [4]വില്ല്യം ബാർക്ക്ലെ, *ദി ആക്സ് ഓഫ് ദി അപ്പൊസ്തലൽസ്*, ദി ഡെയിലി ബൈബിൾ സ്റ്റഡി സീരീസ്, റെവ.ലറ. (ഫിലദെൽഫിയ, ജമ.: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 9. [5]ഈ വാഗ്ദാന രാജ്യത്തെക്കുറിച്ചുണ്ടായിരുന്ന പൊതുവായ ധാരണ നിമിത്തം അനേകം യെഹൂദന്മാർക്കു യേശുവിനെ മശിഹയായി സ്വീകരിക്കാൻ കഴിഞ്ഞില്ല. സുവിശേഷങ്ങളിലെ ശിഷ്യന്മാരുടെ പെരുമാറ്റം സൂചിപ്പിക്കുന്നതു ഈ വീക്ഷണം അവർ ശരിയായി മനസിലാക്കിയിരുന്നു എന്നാണ്. [6]ദി. NIV പറയുന്നതു "ഒരിക്കൽ, അവൻ അവരുമായി ഭക്ഷിക്കുമ്പോൾ ..." എന്നത്. ആ പദപ്രയോഗത്തിലെ ക്രിയയുടെ അർത്ഥത്തിൽ പണ്ഡിതന്മാർ തമ്മിൽ വിയോജിക്കുന്നു. അവന്നു ആവശ്യമുണ്ടായിരുന്നിട്ടല്ല യേശു അവരുമായി ഭക്ഷിച്ചത്, അതവരുടെ പ്രയോജനത്തിനായിരുന്നു (ലൂക്കോസ് 24:41-43). ഒരു പക്ഷേ അതായിരിക്കാം ലൂക്കോസിന്റെ മനസിൽ ഉണ്ടായിരുന്നത്. [7]"സ്നാനം" എന്നതു ഈ പാഠത്തിലെ ഗ്ലോസെറിയിൽ നോക്കുക. [8]"രാജ്യം/സഭയുടെ സ്ഥാപനം" എന്ന ലേഖനം നോക്കുക. [9]യോഹന്നാൻ പരിശുദ്ധാത്മാവും, അഗ്നിയും എന്നു പറഞ്ഞപ്പോൾ യേശു പരിശുദ്ധാത്മാവിനെ മാത്രമാണ് പറഞ്ഞത് എന്നതു പ്രാധാന്യമർഹിക്കുന്നു. യോഹന്നാൻ മനസു തകർന്നവരും അല്ലാത്തവരുമായ സംശയത്തോടാണ് സംസാരിച്ചത്. "തീ" സൂചിപ്പിക്കുന്നതു മാനസാന്തരപ്പെട്ടവർക്കുള്ള ശിക്ഷയാണ് (ലൂക്കോസ് 3:9, 17). "തീയാലുള്ള സ്നാനം" പെന്തെകൊസ്തുനാളിലെ "അഗ്നിജ്വാല" പോലെ പിളർന്നതല്ല, പിന്നെയോ നകരത്തിലെ നിത്യശിക്ഷാവിധിയാണ് (വെളിപ്പാട് 20:14; 15). [10]ചിലർ വിചാരിക്കുന്നതു രാജ്യത്തിന്റെ സ്വഭാവം, അപ്പൊസ്തലന്മാർക്കു മനസിലായി എന്നാണ്. പക്ഷേ അവർ അതിന്റെ സ്ഥാപനം എപ്പോഴാണെന്നു ചോദിക്കയായിരുന്നു. അതിനു സാദ്ധ്യതയുണ്ട്. എന്നാൽ അവർ ഉപയോഗിച്ച പദപ്രയോഗങ്ങളായ "യിസ്രായേൽ" "യഥാസ്ഥാനം" സൂചിപ്പിക്കുന്നതു അപ്പോഴും യേശു പഠിപ്പിച്ച രാജ്യം അവർക്കു പൂർണ്ണമായും വ്യക്തമായിരുന്നില്ല എന്നാണ്.

[11]എഫ്.എഫ്. ബ്രൂസ്, *ദി ബുക്ക് ഓഫ് ആക്സ്*, ദി ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദി ന്യൂ ടെസ്റ്റാസ്റ്റമെന്റ്, റെവ. ലറ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക.: ഡബ്ലിയു എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 36. [12]"സമയങ്ങൾ," "കാലങ്ങൾ" എന്നതു ഒരേ അർത്ഥത്തിലാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. ഒരേ ചിന്തയെ ഊന്നി പറയുവാനായിരിക്കാം അവ രണ്ടും യേശു ഉപയോഗിച്ചത്: ദൈവം സ്ഥാപിക്കുന്ന രാജ്യത്തിന്റെ കൃത്യമായ *സമയം* അവർ അറിയേണ്ടതില്ല. KJV പറയുന്നതു സമയങ്ങളെയും കാലങ്ങളെയും എന്നാണ് NIV പറയുന്നതു "സമയങ്ങളും തീയതികളും" എന്നാണ്. [13]പെന്തെകൊസ്തു നാളിലെ സംഭവങ്ങൾ അവർക്കു യേശുവിന്റെ ഉപദേശത്തെ ക്കുറിച്ചു ദൂരക്കാഴ്ച്ച ലഭിച്ചു. പെന്തെകൊസ്തു നാളിനുശേഷം, അപ്പൊസ്തലന്മാർ ഒരിക്കൽ പോലും രാജ്യം എന്നതു ഭൗതികമായോ രാഷ്ട്രീയമായോ ഉപയോഗിക്കുന്ന തെറ്റു ചെയ്തില്ല. [14]അവരുടെ

തുർനടപടികളിൽ അവരുടെ ബുദ്ധിമുട്ട് വ്യക്തമാക്കുന്നുണ്ട്. അവർ യെരുശലേമിന്നു പുറത്തു പോകേണ്ടതിനും ജാതികളെ സ്വീകരിക്കേണ്ടതിനും ദൈവത്തെ ആവർക്കു ശക്തമായ "സൂചന" കൊടുക്കേണ്ടി വന്നു. [15]പൗലോസിന്റെ ദൂരയാത്രകളെക്കുറിച്ചു, മുഖ്യമായും പ്രവൃത്തികൾ എടുത്തു കാണിക്കുമ്പോൾ ഈ വാഗ്ദാനം പന്തിരുവർക്കു നല്കിയതാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്. ആദ്യസഭയുടെ പാരമ്പര്യം പന്തിരുവരുടെ സുവിശേഷയാത്രയെ വിവരിക്കുന്നുണ്ട്. ഈ പാരമ്പര്യം എല്ലാ നിലയിലും കൃത്യമായിരിക്കണമെന്നില്ല. എങ്കിലും അവർ യേശുവിന്റെ സന്ദേശവുമായി വളരെ ദൂരെ പോയിരുന്നു എന്നതു വാസ്തവമാണ്! [16]ഭൂലോക പടത്തിലെ അനേക സ്ഥലങ്ങളിൽ ദൈവം ഇശ്ചിക്കുന്നതുപോലെ "മിഷൻ പോയിന്റ്സ്" ആരംഭത്തിലേപോലെ ആകണമെങ്കിൽ, "മഹത്തായ സൂചന" നിറവേറ്റാൻ പദ്ധതി ആവിഷ്ക്കരിക്കണം! [17]അപ്പൊസ്തലന്മാർ സാക്ഷികളായിരുന്ന അർത്ഥത്തിൽ നമുക്ക് ഇന്നു "സാക്ഷികളാകാൻ" സാദ്ധ്യമല്ലെന്നതുകൊണ്ടു "സാക്ഷികൾ" എന്ന വാക്കു ക്രിസ്തീയ അനുഭവത്തിൽ ഉപയോഗിക്കാൻ മടിക്കരുത്. ലൂക്കോസ് അപ്പൊസ്തലന്മാർ ചെയ്തതുമായി, ബന്ധപ്പെട്ട് ഉപയോഗിച്ച അർത്ഥത്തിലായിരിക്കില്ല നാം യേശുവിനെ മറ്റുള്ളവരിൽ എത്തിക്കുന്നതിനു ഉപയോഗിക്കുന്നത്. ലൂക്കോസ് മറ്റു അർത്ഥത്തിലും ഉപയോഗിച്ചതുകൊണ്ടു ഇന്നു ക്രിസ്ത്യാനികളുടെ പ്രവൃത്തിയെ ആ രീതിയിൽ സൂചിപ്പിക്കുന്നതു തെറ്റല്ല. [18]പ്രവൃത്തി 6:13; 13:22; 14:3, 17; 16:2; 22:12; 26:5. [19]ഇതു പ്രവൃത്തി 7-ൽ സ്തെഫാനൊസിന്റെ ഉദാഹരണത്തിൽ നാം കാണുന്നുണ്ട്. [20]"യേശു ആരോഹണം ചെയ്തു"; എന്നതുകൊണ്ട് ചിലർ സ്വർഗ്ഗം "മുകളി" ലാണെ ന്നും (നരകം "താഴെ" യാണെന്നും) ... കരുതുന്നു. പക്ഷേ: വേറെ ഏതു വിധത്തിലാണ് യേശു ഈ ഭൂമി വിട്ടു എന്നു ചിന്തിക്കുക, *ഭൂമിയിൽ നിന്നും അകലെ* എന്ന രീതിയിൽ ഇതല്ലാതെ മറ്റേതു വാക്ക് ഉപയോഗിക്കും?

[21]എഫെസ്യർ 4:10; 1 ുതിമൊഥെയൊസ് 3:16; 1 പത്രോസ് 3:22. [22]ഇതു ദൂതന്മാരെ സൂചിപ്പിക്കുന്നതാണ് (ലൂക്കോസ് 24:4). ഒരു പക്ഷേ *രണ്ടു* "സാക്ഷികളായിരുന്നേക്കാം" (ആവർത്തനപുസ്തകം 19:15). [23]"ആകാശത്തിലേക്കു നോക്കി," ഒരാൾ സമയം കളയുന്നതിനു പകരം യെരുശലേമിൽ അവരുടെ *ജോലിയിലേക്കു* പ്രവേശിക്കേണ്ടിയിരുന്നു എന്നതു ഉപദേഷ്ടാക്കന്മാർ ശ്രദ്ധിച്ചിരിക്കാം. ഇതു പ്രായോഗികമാക്കാം: "ചിലർ സ്വർഗ്ഗത്തിൽ വെച്ചവരാണ്, ആത്മികമായി അവർ നന്നല്ല." [24]ഇതു ചെറിയ കൂട്ട സൈന്യം യുദ്ധം ശക്തരായ, വലിയ ശത്രുവിനെ നേരിടുന്നതായമായി താരതമ്യം ചെയ്യാം. ബുദ്ധിയോടും മുൻകരുതലോടും നടക്കേണം എന്നതാണ് മുഖ്യം! [25]"മരാനാത്താ" എന്നതു ഗ്ലോസെറിയിൽ നോക്കുക. [26]ചിലർ കർത്താവിന്റെ മടങ്ങിവരവിന്റെ, സമയം പ്രഖ്യാപിച്ചിട്ടുണ്ട്. മടങ്ങിവരാതിരുന്നപ്പോൾ അവർ ലജ്ജിതരായി. പിന്നെ അവർ പറഞ്ഞതു, കർത്താവു *അദൃശ്യമായി* പ്രത്യക്ഷപ്പെടുകയും വീണ്ടും സ്വർഗ്ഗത്തിലേക്കു പോകയും ചെയ്തു. അവൻ ഇനിയും വരുവാനിരിക്കുന്നു. പ്രവൃത്തി 1:11 ഉം മറ്റു വാക്യങ്ങളും ഈ സ്വയ - പ്രഖ്യാപനങ്ങൾ തെറ്റാണെന്നു വ്യക്തമാക്കുന്നു (1 തെസലൊനിക്യർ 4:16). [27]റിക് അട്ച്ച്ലെ, "എവൊലൂഷൻ ഓഫ് റെവല്യൂഷൻ," 1984, സെപ്തംബർ 9-ലെ, പ്രസംഗം പ്രസംഗിച്ചത്, ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, എബിലിൻ, ടെക്സാസ്.